**GAZETTE DATE : 28.11.2025**
**LAST DATE : 31.12.2025**

# CATEGORY NO: 452/2025

Applications are invited online only by 'One Time Registration' from qualified candidates for the under mentioned Post. Applications shall be submitted through the official website of Kerala Public Service Commission (www.keralapsc.gov.in) after ONE TIME REGISTRATION. Candidates who have registered can apply through their profile. Candidates who have **AADHAR card should add AADHAR as ID proof in their Profile.**

1. **Name of Department** : **Prisons and Correctional Services**

2. **Name of post** : **Assistant Jailor Grade I/ Superintendent, Sub Jail/ Supervisor, Open Prison/ Supervisor Borstal School/ Armourer, State Institute of Correctional Administration/ Lecturer, State Institute of Correctional Administration/ Training Officer, State Institute of Correctional Administration/ Store Keeper, Open Prison.**

3. **Scale of pay** : **₹ 43,400 – 91,200/-**

4. **Number of vacancies** : **Anticipated**

   *Note i:- The List of selected candidates published by the Commission in response to this notification shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the vacancies may be reported to the commission during the period of currency of list.*

5 **Method of appointment** : By Direct Recruitment from qualified Ministerial Staff working in the Prisons and Correctional Services department who are approved probationers in any post in the department.

Note: The principles of rules of reservation and rotation prescribed in rule 14 to 17 of Part II of the Kerala State and Subordinate service rules 1957 will not apply for this post. The candidates will be advised against the reported vacancies in rank order.

6 **Age Limit** : 18-36. Only candidates born. Between 02.01.1989 and 01.01.2007 (both dates included) are eligible to apply for this post with usual relaxation to Scheduled Castes, Scheduled Tribes and other Backward communities. (For Other conditions regarding age relaxation please see para(2) of the General conditions).

7. **Qualifications :**

1. Bachelor Degree of a recognized University.

Note: i. KS & SSR Rule 10(a)(ii) Part II applicable.

Note: ii. In addition to the qualifications prescribed in the Notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the special rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which presuppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/ higher qualifications shall be produced as and when required by the Commission.

**2) Physical Conditions-**

Must be physically fit and should possess the following minimum physical standards.

Must have at least 165 cms height and 81.3 cms round the chest on full expiration and must have a chest expansion of 5 cm

Note:

1. *A height of 160 cms will be sufficient for the candidates belonging to SC and ST.*
2. *The Physical measurement of the candidates will be taken at the time of physical Efficiency Test and those who do not possess the prescribed physical measurements will not be admitted for the Physical Efficiency Test.*
3. *Women and Differently Abled candidates are not eligible to apply for this post.*

**3) Standards of Vision**: Must be certified to possess the following visual Standards without glasses.

| | | Right Eye | Left Eye |
|---|---|---|---|
| a) | Distant Vision | 6/6 Snellen | 6/6 Snellen |
| b) | Near Vision | 0.5 Snellen | 0.5 Snellen |

c) Each eye must have full field of vision, Colour blindness, squint or any other morbid condition of the eyes or lids of either eye will be deemed to be a disqualification.

d) Must be free from apparent physical defects like Knock-knee, Flat Foot, Varicose veins, Bow legs, Deformed limbs, irregular and protruding teeth, defective speech and hearing.

Candidates should produce at the time of Certificate Verification a Medical Certificate in original in the form prescribed here under certifying to their physical fitness and eye sight without glasses. The Medical Certificate should be one obtained from a Medical Officer not below the rank of an Civil surgeon.

## FORM OF MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a **Civil Surgeon** ]

I have this day, medically examined Sri.........................................................................
…..........................................................................................................................................................
(Name & Address) and found that he has no disease or infirmity, his hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases which would render him unsuitable for Government Service. He is free from physical defects such as knock- knee, flat foot, varicose vein, bow legs, deformed limbs, irregular and protruding tooth, defective speech and hearing. His age, according to his own statement is …………and by appearance is …...........His standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ............Snellen | ............Snellen |
| 2. Near Vision | ............Snellen | ............Snellen |
| 3. Field of Vision | ..................... | ...................... |
| | [Specify whether **Full** or **Not**]<br>(Entry 'Normal', 'Good', 'Average' etc., will be inappropriate here) | |
| 4. Colour Blindness …..................................................................................... | | |
| 5. Squint ….......................................................................................................... | | |
| 6. Any morbid conditions of the eye or lid of either eye. …........................... | | |
| **II. IDENTIFICATION MARKS** | | |
| 1. ………………………………….....................................………………… | | |
| 2. ………………………………………......................................…………… | | |

He is Physically Fit and have capacity for the post of Assistant Jailor Grade I in Prisons and Correctional Services Department.

I certify to the best of my knowledge and belief that the applicant Sri …................................ …............................... ............ ................ .................... ................................(Name & Address) is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

Note: Details regarding standards of vision should be clearly stated in the Certificate, as given above. Vague statements such as vision normal/Average etc. will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the certificate will not be accepted.

**(4).PHYSICAL EFFICIENCY TEST**: - Candidates must qualify in at least 5 out of 8 items in the Physical Efficiency Test qualifying the minimum standards of efficiency as noted below:

| *Sl. No.* | *Events* | *One Star Standards* |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.20 cms (4'6”) |
| 3. | Long Jump | 457.20 cms (15') |
| 4. | Putting the Shot (7264 gms) | 609.60 cms (20') |
| 5. | Throwing the cricket ball | 6096 cms (200') |
| 6. | Rope climbing (using hand only) | 365.80 cms (12') |
| 7. | Pull ups or chinning | 8 times |
| 8. | 1500 meters run | 5 minutes & 44 seconds. |

If accidents or injuries happen to a candidate while participating in the physical Efficiency Test, he will not be given further chance to participate in the test.

Form of Service Certificate to be produced by the candidate coming under the category of Service Candidate

## SERVICE CERTIFICATE

1. Name of the Candidate:
2. Name of the post now held by the applicant with scale of pay:
3. Name of the Department in which now working:
4. Name of Service to which the applicant belongs:
5. Date of commencement of Service and date of commencement of probation:
6. Whether the applicant is probationer/ approved probationer or Full member of the service:

7. Service Particulars:

| Sl. No. | Name of Post held | Period | | Length of Service | | | Date of Declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |

Total Service:

Certified that the above details in respect of Sri................................ (Name & Address) who is a probationer/ approved probationer/full member of the …...............................................(Name of service) have been verified by me with the service particulars as given in the Service Book of the candidate and that they are found correct.

Place: Signature

Date: Name and Designation of the Head of Office

(Office Seal)

8. **Probation: –**Every person appointed as Assistant Jailor Grade I in Prisons and Correctional Services Department shall, from the date on which he joins duty, be on probation, for a total period of two years on duty within a continuous period of three years.

9. Training:-Assistant Jailors appointed by Direct recruitment shall undergo training at Regional Institute of Correctional Administration/State Institute of Correctional Administration as prescribed by the Head of Department.

10. Tentative Schedule of OMR Test and Physical Efficiency Test will be published in the Official website of Kerala Public Service Commission.

11. **Mode of submitting application:-**

Candidates shall register as per 'ONE TIME REGISTRATION ' system on the Official Website of Kerala Public Service Commission **'www.keralapsc.gov.in'** before applying for the post. Candidates who have registered shall apply by logging on to their profile using their User- ID and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

12. Address to which applications are to be sent : www.keralapsc.gov.in

13. **Last date for receipt of applications** : **31.12.2025 Wednesday** up to 12 Midnight.

14. If Written Test/OMR Test/Online Test is conducted as a part of this selection candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the admission tickets in the last fifteen days till the date of test. The

applications of candidate who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

15. **Special Instructions to Candidates:-**

a) In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

b) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

c) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

( For details regarding photo, ID Card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 452/2025

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

1. **വകുപ്പ്** : **പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ്**

2. **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1/സൂപ്രണ്ട്, സബ് ജയിൽ/സൂപ്പർ വൈസർ, ഓപ്പൺ പ്രിസൺ/സൂപ്പർ വൈസർ, ബോർസ്റ്റൽ സ്കൂൾ /ആർമറർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ/ ലക് ചറർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ / ട്രെയിനിംഗ് ഓഫീസർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ/ സ്റ്റോർ കീപ്പർ, ഓപ്പൺ പ്രിസൺ

3. **ശമ്പളം** : **₹ 43,400 – 91,200/-**

4. **ഒഴിവുകളുടെ എണ്ണം** : **പ്രതീക്ഷിത ഒഴിവുകൾ**

   കുറിപ്പ് 1:- ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരികപെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

5. **നിയമന രീതി** : പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം. അപേക്ഷകർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയിരിക്കണം.

**കുറിപ്പ് :- 1957** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗം 14 മുതൽ 17 വരെ ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ തത്വങ്ങൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല. എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ റാങ്ക് ക്രമത്തിൽ നിയമന ശിപാർശ ചെയ്യുന്നതാണ്.

6. **പ്രായപരിധി** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടിക ജാതി/പട്ടിക വർഗ്ഗ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

7. **യോഗ്യതകൾ :**

(1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം.

**കുറിപ്പ്:** i) KS & SSR Part II Rule 10 (a) ii ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(2) ശാരീരിക യോഗ്യതകൾ:**

ഉദ്യോഗാർത്ഥികൾക്ക് ചുവടെ ചേർത്തിരിക്കുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

165 സെ.മി.ഉയരവും 81.3 സെ.മി.നെഞ്ചളവും കുറഞ്ഞത് 5 സെ.മി. വികാസവും ഉണ്ടായിരിക്കണം.

**<u>കുറിപ്പ്:</u>**

1. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 160 സെ.മീ ഉയരം ഉണ്ടായിരിക്കണം.
2. ഓരോ ഉദ്യോഗാർത്ഥിയേയും കായികക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.
3. വനിതകൾക്കും ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**(3) <u>കാഴ്ച ശക്തി :-</u>**

ഉദ്യോഗാർത്ഥികൾക്ക് കണ്ണട വയ്ക്കാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം

| | | **വലതു കണ്ണ്** | **ഇടത് കണ്ണ്** |
|---|---|---|---|
| (എ) | ദൂരകാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(സി) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി (Field of Vision) ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്. കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ഡി) മുട്ടുതട്ട്. പരന്ന പാദം ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ക്രമരഹിതവും ഉന്തിയതുമായ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

ഉദ്യോഗാർത്ഥികൾ കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും ശാരീരികയോഗ്യതയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള ഫാറത്തിൽ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു.

## <u>FORM OF MEDICAL CERTIFICATE</u>

[to be obtained from a Medical Officer not below the rank of a **Civil Surgeon** ]

I have this day, medically examined Sri...........................................................................
…....................................................................................................................................................
............ (Name & Address) and found that he has no disease or infirmity, his hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases which would render him unsuitable for Government Service. He is free from physical defects such as knock- knee, flat foot, varicose vein, bow legs, deformed limbs, irregular and protruding tooth, defective speech and hearing. His age, according to his own statement is …………and by appearance is …...........His standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ............Snellen | ............Snellen |
| 2. Near Vision | ............Snellen | ............Snellen |
| 3. Field of Vision | ..................... | ...................... |
| | [Specify whether **Full** or **Not**]<br>(Entry 'Normal', 'Good', 'Average' etc., will be inappropriate here) | |

| |
|---|
| 4. Colour Blindness …................................................................................. |
| 5. Squint …....................................................................................................... |
| 6. Any morbid conditions of the eye or lid of either eye. …........................... |
| **II. IDENTIFICATION MARKS** |
| 1. ………………………………...................................………………… |
| 2. ……………………………………....................................…………… |

He is Physically Fit and have capacity for the post of Assistant Jailor Grade I in Prisons and Correctional Services Department.

I certify to the best of my knowledge and belief that the applicant Sri ….................................
…............................... ............ ................. .................... ................................(Name & Address) is the person herein above described and that the attached photograph has a reasonably correct likeness.

| |
|---|
| Photo of the Candidate |

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).
Place:
Date:

(Office Seal)

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**4. കായികക്ഷമതാ പരീക്ഷ :**

ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | യോഗ്യതകൾ |
|---|---|---|
| 1) | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2) | ഹൈജമ്പ് | 132.20 cms (4'6") |
| 3) | ലോംഗ് ജമ്പ് | 457.20 cms (15') |
| 4) | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 cms (20') |
| 5) | ക്രിക്കറ്റ് ബാൾ ത്രോയിംഗ് | 6096 cms (200') |
| 6) | വടത്തിൽ കയറ്റം (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms (12') |
| 7) | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8) | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ് :** കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടുന്ന സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക

## SERVICE CERTIFICATE

1. Name of the Candidate:
2. Name of the post now held by the applicant with scale of pay:
3. Name of the Department in which now working:
4. Name of Service to which the applicant belongs:
5. Date of commencement of Service and date of commencement of probation:
6. Whether the applicant is probationer/approved probationer or Full member of the service:

Service Particulars:

| Sl. No. | Name of Post held | Period | | Length of Service | | | Date of Declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |

**Total Service:**

Certified that the above details in respect of Sri...................................(Name & Address.)............................ who is a probationer/approved probationer/full member of the …......................................... (Name of service) have been verified by me with the service particulars as given in the Service Book of the candidate and that they are found correct.

Place: Signature

Date: Name and Designation of the Head of Office

**(Office Seal)**

8. **പ്രൊബേഷൻ:** കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് തസ്തികയിൽ നിയമിതനാകുന്ന ആൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

9. **ട്രെയിനിംഗ്:** നേരിട്ടുള്ള നിയമന രീതി വഴി അസിസ്റ്റന്റ് ജയിലറായി ഒതരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ വകുപ്പ് തലവൻ നിർദ്ദേശിക്കുന്ന പ്രകാരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ അല്ലെങ്കിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിൽ ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

10. **പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി**

ഒ.എം.ആർ പരീക്ഷ,ശാരീരിക അളവെടുപ്പ്, കായിക ക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താത്കാലിക തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

11. **അപേക്ഷ സമർപ്പിക്കുന്ന രീതി**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ

അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now-ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ printout കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**12.** അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം. .www.keralapsc.gov.in

**13. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 31.12.2025 ബുധനാഴ്ച രാത്രി 12 മണി വരെ.**

**14.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എൻഡ്യൂറൻസ്/ എഴുത്ത്/ ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നല്കേണ്ടതുമായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**15. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :-**

(1) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം SSLC ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(2) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(3) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്. (ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിൽ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ